WEDNESDAY 20/05/2026 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S    Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/05/2026

1. കൃഷി വകുപ്പ് ലോകബാങ്കിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സുസ്ഥിര വിപണിയും വിലയും ഉറപ്പുവരുത്താനുള്ള നൂതന സ്കീമായ പ്രൊഡക്ടിവ് അലയൻസിന് തുടക്കമായി. പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള ഒമ്പത് ജില്ലകളിലായി നൂറ് പ്രൊഡക്ടിവ് അലയൻസുകൾ രൂപവത്ക്കരിക്കുന്നതിനുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാം. അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 150 പ്രൊഡക്ടിവ് അലയൻസുകൾ പ്രാവർത്തികമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതുവഴി കർഷക ഉത്പ്പാദക കമ്പനികളും (എഫ്പിസി), കാർഷിക വാണിജ്യ കമ്പനിയും (എബിപി) തമ്മിലുള്ള പങ്കാളിത്ത കരാറിന്റെ അടിസ്ഥാനത്തിൽ ഉത്പാദന സഹായത്തിനും ബിസിനസ് വിപുലീകരണത്തിനുമായി ആകെ ചെലവിന്റെ 60 ശതമാനം ഗ്രാന്റായി ലഭിക്കും. പരമാവധി രണ്ടുകോടി രൂപ വരെ ഗ്രാന്റായും ഒപ്പം മൂന്ന് വർഷത്തെ സാങ്കേതിക സഹായവും ഒരു പ്രൊഡക്ടിവ് അലയൻസിന് ലഭിക്കും. കുറഞ്ഞത് പത്തുകോടി രൂപ വാർഷിക വിറ്റുവരവുള്ള കാർഷിക,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഷികേതര കമ്പനികൾ, സൂപ്പർമാർക്കറ്റ് ശൃംഖലകൾ, കയറ്റുമതിക്കാർ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ തുടങ്ങിയവർക്കും മൂന്നുവർഷത്തെ പ്രവൃത്തിപരിചയവും ചുരുങ്ങിയത് 200 അംഗങ്ങളുള്ളതും പത്ത് ലക്ഷം രൂപ വാർഷിക വിറ്റുവരവുമുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും https://pa.kera.kerala.gov.in/auth/login ലിങ്കിൽ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് കേരയുടെ തൃശ്ശൂർ റീജിയണൽ ഓഫീസുമായോ 9037824056, 9037824026 എന്നീ നമ്പറുകളിലോ ബന്ധപ്പെടണമെന്ന് റീജിയണൽ പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

2. കേര പദ്ധതി ഫേസ് ബുക്ക് ലൈവിലൂടെ – ഇന്ന് (20/05/2026) രാവിലെ 11 മണിക്ക് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കതിർ ആപ്പ് എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ കുറിച്ച് കൃഷി വകുപ്പ് ഡെപ്യൂട്ടി മാനേജർ (I T) രാജേഷ് കൃഷ്ണൻ ആർ കെ ഫേസ് ബുക്ക് ലൈവിലൂടെ ക്ലാസ്സ് നയിക്കുന്നു. facebook.com/profile.php?id=61585550147783 എന്ന ലിങ്ക് വഴി ലൈവിൽ പങ്കെടുക്കാം.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരളകാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കുർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കുർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM – 4:00 PM വരെ. ഫോൺ : 9188248481.

4. ജൂൺ 1 ക്ഷീരദിനത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 26.05.2026-ൽ യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഉപന്യാസമത്സരം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളറിംഗ് മത്സരം എന്നിവ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. മത്സരങ്ങൾ 26.05.2026 രാവിലെ 10 മണി മുതൽ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ, കല്ലൂർമുക്ക് IOC പമ്പിന് എതിർവശം, ബ്രഹ്മാനന്ദവിലാസം NSS കരയോഗ മന്ദിരം, പായിക്കുഴിവി റോഡ്, ഓച്ചിറ വച്ച് നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ 24.05.2026 SPM-ന് മുമ്പായി 0476-2698550, 8089391209, 9495973885 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ്. മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

5. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി പന്നിവേലിച്ചിറയിലുള്ള ഫിഷറീസ് കോംപ്ലക്സിൽ കാർപ്പ്, ഗിഫ്റ്റ് തിലോപ്പിയ ഇനം മത്സ്യക്കുഞ്ഞുങ്ങളും അലങ്കാര ഇനം മത്സ്യങ്ങളും ഇന്ന് (മെയ് 20ന്) രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണി വരെ വിതരണം ചെയ്യുന്നു. മത്സ്യ കുഞ്ഞുങ്ങൾക്ക് സർക്കാർ നിശ്ചയിച്ച വില ഈടാക്കുന്നതാണ്. ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കും ഫിഷറീസ് കോംപ്ലക്സുമായി ബന്ധപ്പെടണം. ഫോൺ: 8943472882, 04682214589.

6. മത്സ്യത്തൊഴിലാളി, അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും മക്കൾക്ക് ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി, ടി എച്ച് എസ് എൽ സി, ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെ പത്താം ക്ലാസ് എന്നീ പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. കായിക വിനോദ മത്സരങ്ങളിൽ ദേശീയ-സംസ്ഥാന തലങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നേടിയവർക്കും അപേക്ഷിക്കാം. അപേക്ഷകൾ മെയ് 23 ന് വൈകിട്ട് അഞ്ച് മണിക്ക് മുൻപായി മത്സ്യ ബോർഡ് ഫിഷറീസ് ഓഫീസിൽ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി മത്സ്യബോർഡിന്റെ ഫിഷറീസ് ഓഫീസുമായോ മേഖലാ ഓഫീസുമായോ ബന്ധപ്പെടുക. ഫോൺ: 0484 2396005.

7. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികളുടേയും അനുബന്ധതൊഴിലാളികളുടേയും മക്കൾക്കായി നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ കായിക പ്രോത്സാഹന അവാർഡിന് എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 2026 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എ പ്ലസ്, 9 എപ്ലസ്, 8 എപ്ലസ് വാങ്ങിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രക്ഷാകർത്താവിന്റെ ക്ഷേമനിധി ബോർഡ് പാസ്സ് ബുക്കിന്റെ ഫോട്ടോ പതിച്ച പേജ്, കുടുംബ വിവര പേജ്, വിഹിതമടവ് രേഖപ്പെടുത്തിയിട്ടുള്ള പേജ് എന്നിവയുടെ പകർപ്പ്, വിദ്യാർത്ഥിയുടെ ആധാറിന്റെയും പാസ്സ് ബുക്കിന്റെയും കോപ്പി,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പാസ്സ്പോർട്ട് ഫോട്ടോ എന്നിവ ഹാജരാക്കണം. രണ്ട് സെറ്റ് അപേക്ഷകൾ അനുബന്ധ രേഖകൾക്കൊപ്പം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കണം. അവസാന തീയതി മെയ് 23. ഫോൺ: 0471 –2325483.

## പരിശീലന പരിപാടി

8. നെടുമങ്ങാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഈ മാസം 22ന് രാവിലെ 10 മുതൽ 3.30വരെ കൂൺ കൃഷിയിൽ പരിശീലനം നൽകും. താൽപ്പര്യമുള്ളവർ 21ന് വൈകിട്ട് 4 മണിക്ക് മുമ്പ് 9446911451 എന്ന നമ്പറിൽ റജിസ്റ്റർ ചെയ്യണം. പങ്കെടുക്കുന്നവർക്ക് കൂൺ വിത്തും കൂൺ തടം തയാറാക്കുന്നതിനുള്ള കവറും സൗജന്യമായി നൽകും .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം